കളക്ടറേറ്റ്, വയനാട്
തിയ്യതി- **25/02/2019**

പത്രക്കുറിപ്പ്

കാട്ടുതീ തടയുന്നതിനുള്ള നടപടികൾ വിലയിരുത്തുന്നതിനായി വിപുലമായ യോഗം ജില്ലാ കളക്ടറുടെ ചേംബറിൽ വിളിച്ചു ചേർത്തു . നിലവിലുള്ള സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷം ജില്ലയിൽ അപകടകരമായ അവസ്ഥ ഇല്ല. എന്നാൽ കഴിഞ്ഞ നാല് ദിവസമായി ജില്ലയുടെ പലഭാഗങ്ങളിലും കാട്ടുതീ ഉണ്ടായിട്ടുണ്ട്. അവയെല്ലാം തന്നെ സത്വരപ്രതികരണത്തിലൂടെ നിയന്ത്രിക്കാനും അണയ്ക്കാനും സാധിച്ചിട്ടുണ്ട്. കാട്ടു തീ തടയുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

എവിടെയെങ്കിലും മനപൂർവമായി ആരെങ്കിലും കാട്ടുതീ ഇടുന്നതിനോ കാട്ടിലേക്ക് തീപിടിക്കുന്ന വസ്തുക്കളുമായി പ്രവേശിക്കുന്നതോ ശ്രദ്ധയിൽപെട്ടാൽ ഉടനെ ജില്ലാ അടിയന്തിര പ്രതികരണ കേന്ദ്രത്തിലേക്ക് 04936 204151 അല്ലെങ്കിൽ 1077 എന്ന നമ്പരിൽ അറിയിക്കാവുന്നതാണ്. ഇത്തരത്തിലുള്ള കേസുകളിൽ സത്വരമായ അന്വേഷണം നടത്തുന്നതും കുറ്റക്കാർക്കെതിരെ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

കാട്ടുതീ ഉണ്ടാകുമ്പോൾ വന്യമൃഗങ്ങൾ കൂടുതലായി നാട്ടുപ്രദേശങ്ങളിലേക്ക് ഇറങ്ങാനുള്ള സാധ്യതയുണ്ട്. വനപാലകർ കാട്ടുതീ കെടുത്തുന്നതിനായി കാടിൻറെ ഉൾപ്രദേശങ്ങളിൽ ആയിരിക്കാം എന്നതിനാൽ പൊതുജനങ്ങൾ ഇക്കാര്യത്തിൽ ആവശ്യമായ ജാഗ്രത പുലർത്തണമെന്ന് അഭ്യർഥിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ പരിഭ്രാന്തരാകേണ്ട യാതൊരു സാഹചര്യവും നിലവിലില്ലെന്നും അറിയിക്കുന്നു . വനം നമ്മുടെ പൊതുസമ്പത്ത് ആയതിനാൽ വനസംരക്ഷണത്തിനും കാട്ടുതീ തടയുന്നതിനുമായി പൊതുജനങ്ങളുടെ ആത്മാർഥമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

**AJAYAKUMAR A R, DC DCWYD, O/O DC WAYANAD**
ജില്ലാ കളക്ടർ

ജില്ലാ ഇൻഫർമേഷൻ ഓഫീസർ (പ്രസിദ്ധീകരണത്തിന്)
ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ (ജില്ലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനായി)

This document is electronically approved in eOffice. Hence it does not require signature in ink